## ദൈവം ത്രിയേകനാണ്

**I. ദിവ്യ ത്രിത്വത്തെ സംബന്ധിച്ച സുവ്യക്തമായ വെളിപാട് മത്തായി 28:19-ൽ കാണാം: "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട്... സകല ജാതികളെയും ശിഷ്യരാക്കുവിൻ"**

- നാമത്തിലേക്ക് എന്നത് വ്യക്തിയെ സൂചിപ്പിക്കുന്നു
    - സ്നാനപ്പെടുക എന്നാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക്, വ്യക്തിയിലേക്ക്, പ്രക്രിയാവിധേയനായ ത്രിയേക ദൈവവുമായുള്ള ജൈവിക ഐക്യത്തിലേക്ക് സ്നാനപ്പെടുന്നതാണ്
    - അത് അവനുമായുള്ള ആത്മികവും മാർമികവുമായ ഐക്യത്തിലേക്ക് അവരെ സ്നാനപ്പെടുത്തുന്നതാണ്
    - മത്തായി 28:19-ൽ ദിവ്യ ത്രിത്വത്തിന് ഒരു നാമമാണുള്ളത്. നാമം എന്നത് ദിവ്യ ആളത്തത്തിന്റെ ആകെത്തുകയാണ്, അത് അവൻ എന്ന വ്യക്തിക്ക് തുല്യമാണ്
    - ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് വിശ്വാസികളെ സ്നാനപ്പെടുത്തുക എന്നാൽ ത്രിയേക ദൈവം താൻ ആയിരിക്കുന്ന എല്ലാറ്റിലേക്കും അവരെ നിമജ്ജനം ചെയ്യുന്നതാണ്
- ദൈവം ഒരുവനിൽ മൂവരാണ്—2 കൊരി. 13:14
    - മത്തായി 28:19-ൽ കർത്താവ് മൂന്ന് വ്യക്തികളെക്കുറിച്ച് സംസാരിച്ചു—പിതാവും, പുത്രനും, പരിശുദ്ധാത്മാവും. എന്നാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തെക്കുറിച്ച് അവൻ ഇവിടെ സംസാരിച്ചപ്പോൾ, മൂലഭാഷയിൽ നാമം എന്ന വാക്ക് ഏകവചനത്തിലാണ്
    - മൂന്ന് വ്യക്തികൾക്ക് ഒരു നാമം ഉള്ളത് തികച്ചും മാർമികമാണ്, അത് ദൈവം ഒരുവനിൽ മൂവരാണെന്ന് വെളിപ്പെടുത്തുന്നു.
    - ഈ നാമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂവരും ഉള്ളടങ്ങുന്നു.
    - ദൈവം നിസ്തുലമായി ഏകനാണെങ്കിലും, മൂന്ന് വ്യക്തികളുണ്ട്—പിതാവും പുത്രനും ആത്മാവും

## നമുക്ക് സ്നാനപ്പെട്ട് പ്രവേശിക്കുവാനായി ത്രിയേക ദൈവം പ്രക്രിയാവിധേയനായിത്തീർന്നു

**II. ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ, നമ്മെ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലേക്ക് സ്നാനപ്പെടുത്തിയിരിക്കുന്നു**

- ജഡാവതാരത്തോടെ ആരംഭിച്ച്, മനുഷ്യജീവിതവും ക്രൂശുമരണവും ഉൾപ്പെട്ട, പുനരുത്ഥാനത്തോടുകൂടെ പരിണതിപ്രാപിച്ച ഒരു പ്രക്രിയയിലൂടെ ത്രിയേക ദൈവം കടന്നുപോയിരിക്കുന്നു.
- പുനരുത്ഥാനത്തിൽ, ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു, ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു
- ദിവ്യത്രിത്വത്തിലേക്ക് സ്നാനപ്പെടുന്നതിന് ഈ ആത്മാവ് ത്രിയേക ദൈവത്തിന്റെ പരിണതിയാണ്.
- ത്രിയേക ദൈവമെന്ന വ്യക്തിയിലേക്ക് സ്നാനപ്പെടുന്നത്, പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ ആത്യന്തിക പരിണതിയായ, സർവവും ഉൾക്കൊള്ളുന്ന, പരിണതിപ്രാപിച്ച ആത്മാവിലേക്ക് സ്നാനപ്പെടുന്നതാണ്
    - ഇത് പിതാവിന്റെ സമ്പത്തിലേക്കും, പുത്രന്റെ സമ്പത്തിലേക്കും, ആത്മാവിന്റെ സമ്പത്തിലേക്കും സ്നാനപ്പെടുന്നതാണ്.
    - സ്നാനമേറ്റവരെന്ന നിലയിൽ, നാം ഇപ്പോൾ ത്രിയേക ദൈവവുമായി ഒരു ജൈവ ഐക്യത്തിലാണ്; അതുകൊണ്ട്, പിതാവിനുള്ളതും, പുത്രനുള്ളതും, ആത്മാവിനുള്ളതും നമ്മുടേതായിത്തീർന്നിരിക്കുന്നു
- ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് സ്നാനപ്പെടുക എന്നാൽ അവനുമായി ഒരു മാർമികമായ ഐക്യത്തിലേക്ക് പ്രവേശിക്കുകയും ദൈവം താൻ ആയിരിക്കുന്നത് നമ്മുടെ ആളത്തത്തിലേക്ക് പ്രയോഗിക്കുകയും ചെയ്യുന്നതാണ്

## ക്രിസ്തുവാണ് കേന്ദ്രം

**III. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്**

- ത്രിയേക ദൈവം കടന്നുപോയ നിർണായക പടികളെയാണ് പ്രക്രിയാവിധേയൻ എന്ന വാക്ക് സൂചിപ്പിക്കുന്നത്
    - തന്റെ ജഡാവതാരത്തിനു മുമ്പ് ദൈവം പ്രക്രിയാവിധേയൻ അല്ലായിരുന്നു, അവന് ദിവ്യ സ്വഭാവം ഉണ്ടായിരുന്നു എന്നാൽ മനുഷ്യസ്വഭാവം ഇല്ലായിരുന്നു, എന്നാൽ ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗാരോഹണം എന്നീ പ്രക്രിയകളിലൂടെ ത്രിയേക ദൈവം പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായി
- പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവം ആത്മാവാണ്
    - ദൈവാത്മാവിന്റെ അഭിധാനങ്ങളുടെ എല്ലാ മൂലകങ്ങളുടെയും ആകെത്തുകയും സമഗ്രതയുമാണ് ആത്മാവ്
    - പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ പരിണതിയെന്ന നിലയിൽ, ആത്മാവ് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ അനുഗ്രഹമാണ്
- വെളിപ്പാട് പുസ്തകത്തിലെ ത്രിയേക ദൈവം പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവമാണ്
    - നിസ്തുലനായ ദൈവം ഒടുവിൽ തന്റെ നിത്യ ആവിഷ്കാരത്തിന് ഒരു നഗരമായി വിശാലമാക്കപ്പെടുകയും വിപുലീകരിക്കപ്പെടുകയും ചെയ്തു
    - തന്റെ വ്യവസ്ഥയിൽ ദൈവം പുതിയ യെരൂശലേമായിത്തീർന്നിരിക്കുന്നു
    - പുതിയ യെരൂശലേമിൽ ത്രിയേക ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നു. പുതിയ യെരൂശലേമായിത്തീർന്ന ദൈവം പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവമാണ്
- വെളിപ്പാട് പുസ്തകത്തിൽ നമുക്ക് ദിവ്യ പകർച്ചയ്ക്കായുള്ള ദിവ്യ ത്രിത്വത്തിന്റെ പരിണിതമായ വെളിപാടുണ്ട്
    - അവരുടെ ജീവനും ജീവസഹായവും സകലവുമായി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് ദൈവം തന്നെത്തന്നെ പകർന്നുനൽകുന്നതാണ് ദിവ്യ പകർച്ച